# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

## നോർക്ക സംഘടിപ്പിക്കുന്ന പരിപാടികൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3070** | **03.04.2013 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നോർക്കയുടെ കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അവ ഏതെല്ലാം ആണെന്നും പ്രസ്തുത ആഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിന് പുറമേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ ഡൽഹിയിലും, കോട്ടയം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിലും നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഓഫീസുകളും, ബറോഡ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ക്ഷേമ ആക്ട് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ ഹെഡ് ഓഫീസിനുപുറമേ ഇതിന് കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രാദേശിക ഓഫീസുകളുമുണ്ട്. 2013 മാർച്ച് മുതൽ ബഹ്റൈനിൽ നോർക്ക റൂട്ട്സിന്റെ ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുക, വിദേശത്തും അന്യ സംസ്ഥാനങ്ങളിലുമുള്ള മലയാളികൾക്ക് തിരിച്ചറിയൽ രേഖയായി എൻ. ആർ. കെ. ഐ. ഡി കാർഡ്/എൻ. ആർ. കെ. ഇൻഷുറൻസ് കാർഡ് എന്നിവയുടെ വിതരണം, തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള 'ചെയർമാൻ ഫണ്ട്', നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന', വിദേശത്ത് മരണമടയുന്ന പ്രവാസി കേരളീയരുടെ മൃതശരീരം സ്വദേശത്ത് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം', വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്നവരെ നാട്ടിലെത്തിക്കുന്ന 'സ്വപ്ന സാഫല്യം', വിദേശത്ത് ജോലി തേടിപ്പോകുന്നവർക്ക് വിദേശങ്ങളിലെ തൊഴിൽപരമായ പൊതുസ്ഥിതി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള 'പ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം', തൊഴിൽ ദായകരുടെയും തൊഴിലന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയായ 'ജോബ് പോർട്ടൽ', തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടി, നോർക്കയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിവരം നല്കുന്ന 'കാൾ സെന്റർ' തിരികെ വന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി എന്നിവയാണ് നോർക്ക വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. |

| | | |
|---|---|---|
| | | പ്രവാസി മലയാളികൾ വിദേശ രാജ്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിന് കേരള സർക്കാർ നോർക്ക വകുപ്പ് മുഖാന്തിരം സേവനങ്ങൾ നൽകി വരുന്നു. കൂടാതെ അവർ വിദേശത്തായിരിക്കുമ്പോൾ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് നോർക്ക വകുപ്പ് വിവിധ വകുപ്പുകൾ മുഖേന പരിഹാരം കണ്ടെത്തുന്നതിന് സഹായം നൽകി വരുന്നു. |
| (ബി) നോർക്കയുടെ എല്ലാ ഓഫീസുകളുടെയും പ്രവർത്തനം അതാത് ഓഫീസുകൾ നേരിട്ടാണോ നിർവ്വഹിക്കുന്നത് എന്നും വ്യക്തമാക്കുമോ ; | (ബി) | നോർക്ക വകുപ്പിനുവേണ്ടി നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിലാണ് എല്ലാ ഓഫീസുകളുടെയും പ്രവർത്തനം നടന്നുവരുന്നത്. |
| (സി) വിവിധ ഓഫീസുകൾ മുഖേന നോർക്ക നടത്തുന്ന എല്ലാ പരിപാടികൾക്കും സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥന്മാർ നേരിട്ടു ചെന്ന് പരിപാടി നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ: ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇല്ല. |

| | | |
|---|---|---|
| (ഡി) വിവിധ ഓഫീസുകൾക്ക് ചുമതല നൽകി നോർക്ക സംഘടിപ്പിക്കുന്ന പരിപാടിയിൽ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി/ ജോയിന്റ്/അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും, ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥനാണെന്നും ഏത് ഉത്തരവു പ്രകാരം പങ്കെടുത്തെന്നും വ്യക്തമാക്കുമോ ? | (ഡി) | വിവിധ ഓഫീസുകൾക്ക് പ്രത്യേകം ചുമതല നൽകി നിർവ്വഹിക്കുന്ന പരിപാടികളുടെ നടത്തിപ്പ് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥർ നേരിട്ട് ചെയ്യാറില്ല. |

സെക്ഷൻ ഓഫീസർ